**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം – വ്യാഴാഴ്ച തോറും**

**പ്രശാന്തി സന്ദേശം- ഉപാഖ്യാനം 275**

# താമസിക വ്യക്തിത്വം

## THE THAMASIC PERSONALITY

**ഏപ്രിൽ 3, 2025**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

## താമസിക ഗുണം

ഇനി മൂന്നാമത്തെ വിഭാഗം ആളുകൾ താമസികഗുണമുള്ളവരാണ്. 'തമസ്സ്' എന്നാൽ ഇരുട്ടും മന്ദതയുമാണ്. ചില ആളുകൾ അലസരാണ്. അവരുടെ മുഖം തന്നെ അസഹ്യതയുള്ളതാണ്, അവരുടെ സൗഹൃദം വഷളാണ്. അവരുടെ മുഖം കണ്ടാൽ, അവർ രണ്ടു ലിറ്റർ ആവണക്കെണ്ണ കുടിച്ചതുപോലെയാണ്! അവർ ഒരിക്കലും ചിരിക്കില്ല. അവർ സൗഹൃദം ത്യജിക്കുന്നു, ഏകാന്തത കൊതിക്കുന്നു, ഒറ്റപ്പെട്ട് ജീവിക്കുന്നു. അവർക്ക് താമസികഗുണമാണ് ഉള്ളത്.




"എനിക്ക് ആശയവിനിമയത്തിന് കഴിയില്ല. എനിക്ക് എല്ലാവരുമായും ഫ്രീ ആവാൻ പറ്റില്ല" ഇങ്ങനെ പറയുന്ന ചില ആളുകളുണ്ട്. ഇതൊരു താമസികഗുണമാണ്. നിങ്ങൾ എല്ലാവരോടും സ്വതന്ത്രമായി ഇടപഴകുന്നില്ലെങ്കിൽ, നിങ്ങളൊരു മൃതശിലയാണ്, ഒരു ചത്ത തടിക്കഷണമാണ്. എനിക്ക് ആശയവിനിമയം നടത്താനാവണം, എനിക്ക് സ്വതന്ത്രമായി നടക്കാനാവണം.

"നമുക്ക് പോവാം! സ്വാമിയുടെ കാറ് പോവുന്നു!"

മറ്റേ വ്യക്തി ഒരു താത്പര്യവുമില്ലാതെ പ്രതികരിക്കും, "ഓ.കെ., താങ്കൾ പോകൂ, സ്റ്റാർട്ട്, ഹും.."

അല്ലെങ്കിൽ മറ്റൊരുദാഹരണം: "ഓ, ട്രെയിൻ പ്ലാറ്റ്ഫോമിൽ എത്തി! നമുക്ക് കയറാം! വേഗം!"

താമസികവ്യക്തി പ്രതികരിക്കും, ''ധൃതി വേണ്ടെന്നേ.'' ഇത് മടിയും അലസതയുമാണ്.

''എന്നെ വിശ്വസിച്ചാലുമില്ലെങ്കിലും, ഈ ശരീരം മുഴുവനും, അടി മുതൽ മുടി വരെ, സ്വാർത്ഥതയുടെ കണിക പോലുമില്ല. അഹംഭാവമെന്ന ഒന്നേയില്ല. ഇതു നിറയെ പ്രേമമാണ്.'' ഭഗവാൻ ഈ ഗംഭീരമായ പ്രസ്താവന നടത്തുമ്പോൾ, ഏതു തരത്തിലുള്ള പ്രതികരണമാണ് സദസ്യരുടെ ഭാഗത്തുനിന്ന് അവിടുന്ന് പ്രതീക്ഷിക്കുക? സന്തോഷിക്കുന്ന മുഖങ്ങളുണ്ടാവണം, അവയിൽ അതിശയഭാവമുണ്ടാവണം! നിങ്ങളറിയാതെ, നിങ്ങളുടെ രണ്ടു കരങ്ങളും ആദരവിനാൽ തൊഴണം. ആനന്ദാരവങ്ങളും കരഘോഷവുമുണ്ടാവണം. അതാണ് ഉടനടിയുള്ള പ്രതികരണം. എന്നാൽ, യാതൊരു പ്രതികരണവുമില്ലാതെ ചിലർ ഇരിക്കും, തങ്ങൾ ബധിരരാണ് എന്നപോലെ. അവർ അവരുടെ താമസികഗുണം പ്രദർശിപ്പിക്കുകയാണ്.

## അജ്ഞാനം

താമസിക ജനങ്ങളുടെ കാര്യത്തിൽ, പൂർണ്ണ അജ്ഞതയാണ്, എല്ലാത്തരം നിസ്സാരമായ കാര്യങ്ങളിലും അവർക്ക് ആത്മനിയന്ത്രണം നഷ്ടമാവും.




ആരെങ്കിലും വന്ന് ചോദിക്കുകയാണെന്നിരിക്കട്ടെ, ''സ്വാമി എപ്പോളാണ് പോകുന്നത്?'' താമസിക വ്യക്തി പറയും, ''സ്വാമി പോകുമ്പോൾ നിങ്ങൾക്കെന്താണീ താത്പര്യം? അവിടുന്ന് അടുത്ത മാസമാണ് പോകുന്നതെങ്കിൽ, നിങ്ങൾ ഇപ്പോളെന്തു ചെയ്യാനാണ്? ഇപ്പോളാണ് പോകുന്നതെങ്കിൽ, നിങ്ങൾക്ക് തടയാനാവുമോ?'' ഇത്തരം വ്യക്തികൾക്ക് വർത്തമാനകാലം എങ്ങനെ പ്രയോജനപ്പെടുത്തണം എന്നറിയില്ല. ഈ വർത്തമാനകാല നിമിഷത്തിൽ എങ്ങനെ ജീവിക്കണം എന്ന് അവർക്കറിയില്ല. അസ്തിത്വത്തിൽ ജീവിക്കുന്നതെങ്ങനെയെന്ന് അവർക്കറിയില്ല, അതുകൊണ്ട്, തികഞ്ഞ അജ്ഞത കാരണം, അവരങ്ങനെ തുടരും.




താമസിക ജനങ്ങൾ എങ്ങനെയാണ് പ്രവർത്തിക്കുക? നിങ്ങൾ അവരോട് എന്തുതന്നെ പറഞ്ഞാലും-ആദ്ധ്യാത്മികമാവട്ടെ, മന:ശാസ്ത്രപരമാവട്ടെ, അതീന്ദ്രിയപരമാവട്ടെ, മതപരമാവട്ടെ-ഒന്നും അവരുടെ തലയിൽ കയറില്ല. അവർ റിലീജിയസ്-പ്രൂഫാണ്, സ്പിരിച്വൽ-പ്രൂഫാണ്, സകല-പ്രൂഫാണ്, നമ്മുടെ വാട്ടർ-പ്രൂഫായ,

ഹീറ്റ്- പ്രൂഫായ, മാഗ്നറ്റ്-പ്രൂഫായ വാച്ചു പോലെ! ഇതൊരു താമസിക മനസ്സാണ്. ഒന്നും അകത്തു കയറില്ല-ഒന്നും!

അതിനാൽ, ജ്ഞാനം എന്നത് സാത്വിക മനുഷ്യന്റെ ഗുണമാണ്. സ്ഥിരമായ ക്ലേശം രാജസിക മനുഷ്യന്റെ ഗുണമാണ് എന്തെന്നാൽ, ഏതെങ്കിലും സത്വരഫലം കൊണ്ട് അയാൾ തൃപ്തനാവില്ല. അജ്ഞാനമാണ് ഒരു താമസിക മനുഷ്യന്റെ മുദ്ര അഥവാ ചിഹ്നം.

അലസനും മന്ദനുമായ ഒരു താമസിക മനുഷ്യൻ, താൻ പൂർണ്ണമായും ശരീരമാണെന്നു കരുതുന്നു. ശരീര താദാത്മ്യം(Body identification) എന്നത് ഒരു താമസിക ഗുണമാണ്.

പശിത്യ പശു: എന്നതിനർത്ഥം അയാൾക്ക് ഒരു മൃഗീയമായ അഥവാ ജന്തുസഹജ




മായ സ്വഭാവമാണെന്നാണ്. 'പ്രമദ' എന്നാൽ, അയാൾക്ക് തെറ്റായ ധാരണ അഥവാ ജാഗ്രതയില്ലായ്കയുണ്ട് എന്നാണ്. ഒരു ചെറിയ ഉദാഹരണമിതാ: സ്വാമി "പോകൂ" എന്നു പറയുകയാണെങ്കിൽ, അതൊരു വാക്ക് മാത്രമാണ്. ഒരു വ്യക്തി അതിന് എടുക്കുന്ന അർത്ഥം, "സ്വാമി എന്നോട് വീട്ടിലേക്ക് പൊയ്ക്കൊള്ളാൻ പറഞ്ഞു" എന്നായിരിക്കും. ഓ! അവിടെ ഒരു ബസ്സോ ട്രെയിനോ കാത്തുകിടപ്പുണ്ടാവും. അതുകൊണ്ട് നിങ്ങൾക്ക് പോകാനാവും! ഇതൊരു തെറ്റിദ്ധാരണയാണ്. നിങ്ങൾ ഇവിടെനിന്ന് പൊയ്ക്കൊള്ളാനാണ് അവിടുന്ന് പറഞ്ഞത്, ഇവിടെനിന്ന് സ്ഥലം വിടാനല്ല.

## അലസത

ഒരു താമസിക മനുഷ്യന്റെ അടുത്ത ഗുണമെന്നത് അലസത, 'അപ്രവൃത്തി' ആണ്. മതത്തിന്റെ അല്ലെങ്കിൽ ആദ്ധ്യാത്മികതയുടെ പേരിൽ അലസരായിരിക്കാൻ ആഗ്രഹിക്കുന്ന ആളുകളുണ്ട്.

"ഹേ! താങ്കളിവിടെ പുട്ടപർത്തിയിൽ എന്തെടുക്കുകയാണ്?"

"സ്വാമി ഞാനിവിടെ ഉണ്ടാവണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു."

"ഓ! അപ്പോൾ താങ്കളെന്താണ് ചെയ്യുന്നത്?"

“ഞാനിവിടെ വെറുതേയിരിക്കുന്നു.”

“ഓ! വെറുതെ? ഒന്നും ചെയ്യാതെ?”

അപ്പോൾ താങ്കൾ കാമ്പസ്സിന് ഒരു ഭാരവും ഓരോരുത്തർക്കും ഒരു ചീത്ത മാതൃകയുമാണ്! ഭഗവാൻ അവിശ്രമം പണിയെടുക്കുന്നതു കാണൂ.

തമസ്സിന്റെ മറ്റൊരു സവിശേഷത മതിഭ്രമം അഥവാ മോഹം ആണ്. ചിലർ കരുതുന്നത് ആലസ്യമെന്നത് ആദ്ധ്യാത്മികജീവിതമാണെന്നാണ്, ഉദരപൂരണവും സകല അസംബന്ധജല്പനവും ആദ്ധ്യാത്മികജീവിതമാണെന്നാണ്. ഇത് മോഹം അഥവാ മിഥ്യാബോധം അല്ലാതെ മറ്റൊന്നുമല്ല.



അടുത്തതായി എന്താണ്? ഉറക്കം അഥവാ നിദ്ര. നമുക്ക് ചില മഹാഭക്തരുണ്ട്, ഭഗവാൻ പ്രഭാഷണം നടത്തുമ്പോൾ അവർക്ക് ഉറങ്ങാൻ പറ്റും. ഭഗവാൻ അവിടുത്തെ പ്രഭാഷണം നടത്തിക്കൊണ്ടിരിക്കുമ്പോൾ ചില ആളുകളുണ്ട്, ഭാഗ്യം ചെയ്ത ആത്മാക്കൾ, സമാധിയുടെ അഥവാ നിദ്രയുടെ അവസ്ഥയിലേക്ക് പോകാൻ സാധിക്കുന്നവർ. ചിലർക്ക്, അവരുടെ അയൽക്കാരെ ശല്യപ്പെടുത്തിക്കൊണ്ട് കൂർക്കം വലിക്കാനും പറ്റും! ചിലർക്ക്, തറയിൽ കിടന്നുകൊണ്ട് അവരുടെ അടുത്തിരിക്കുന്ന മനുഷ്യന്റെ മടിയിൽ തല വയ്ക്കുക എന്ന ആ പരമാവസ്ഥ വരെയും പോകാനാവും! ഇതൊരു താമസിക ഗുണമാണ്. ഉറക്കം അധികമാവരുത്. നമുക്ക് ചില പരിധിയൊക്കെ ഉണ്ടാവണം. നിദ്ര, ഉറക്കം, ഒരു താമസിക ഗുണമാണ്.

## താമസിക മനുഷ്യർക്ക് എന്തു സംഭവിക്കുന്നു?

താമസിക മനുഷ്യർക്ക് അവരുടെ അടുത്ത ജന്മത്തിൽ എന്തു സംഭവിക്കുന്നു? അവർ ‘മൂഢയോനി’യിൽ ജനിക്കുന്നു, ഒന്നിനും കൊള്ളാത്ത, നിർവികാരരായവരുടെ ഗർഭപാത്രത്തിൽ. ‘മൂഢ’എന്നാൽ ‘നിഷ്പ്രയോജനമായ’; ‘യോനി’എന്നാൽ ഗർഭപാത്രം. അവർ യാതൊരു ലക്ഷ്യവും ഉദ്ദേശ്യവുമില്ലാത്ത കുടുംബങ്ങളിൽ ജനിക്കുന്നു. അവർ ചഞ്ചലമായ, ലക്ഷ്യരഹിതമായ, ഉദ്ദേശ്യരഹിതമായ ജീവിതം നയിക്കുന്നവർക്ക് പിറക്കുന്നു. അവർക്ക് അന്തിമമായി എന്തു സംഭവിക്കും? അവർ ബോധത്തിന്റെ താണ തലങ്ങളിലേക്ക് പോകുന്നു, ‘അധോ ഗച്ഛന്തി’ എന്നു പറയും.

അപ്പോൾ, മൂന്നു തരം ആളുകൾ ഇവരാണ്. ഇനി, നമുക്കോരോരുത്തർക്കും അവനവനോടുതന്നെ ഈ ചോദ്യം ചോദിക്കാം, "ഞാൻ എന്താണ്? ഞാൻ സാത്വികനാണോ, രാജസികനാണോ അതോ താമസികനോ?"

ഞാൻ താമസികനാണെങ്കിൽ എനിക്കെന്തു ചെയ്യാനാവും? ഭഗവാൻ ഒരിക്കൽ രണ്ട് പോയിന്റുകൾ തരികയുണ്ടായി. ഒരു പോയിന്റ് ഇതാണ്: ഒരു പരിഹാരമുണ്ട്. ഒരു താമസിക മനുഷ്യൻ എന്തെങ്കിലും കർമം കൊണ്ട് ആരംഭിക്കണം. ഭഗവാൻ നമുക്കെല്ലാവർക്കും ചെയ്യാനായി ഒന്നല്ലെങ്കിൽ മറ്റൊരു ജോലി തന്നിരിക്കുന്നതിന്റെ കാരണം ഇതാണ്. എന്തെങ്കിലും സേവ ചെയ്യൂ! അതുകൊണ്ട്, താമസിക മനുഷ്യന് രാജസിക മനുഷ്യനാവാൻ എന്തെങ്കിലും കർമം ആവശ്യമാണ്. ഇത് ഒരുതരം പരിണാമമാണ്. രാജസികനായിത്തീർന്നാൽ, നിങ്ങൾ ഭഗവാനു വേണ്ടി പ്രവർത്തിച്ചു




തുടങ്ങും. ഒരു രാജസിക മനുഷ്യന് സാത്വികനായിത്തീരാൻ, അവൻ അന്വേഷണ തൃഷ്ണ, അഭിനിവേശം, ആത്മജ്ഞാനാവബോധം, ഭക്തി ഇവ വളർത്തണം. അപ്പോൾ, കർമം അഥവാ പ്രവൃത്തി ഒരു താമസിക മനുഷ്യനെ രാജസികനാക്കി മാറ്റും. ഭക്തി ഒരു രാജസിക മനുഷ്യനെ സാത്വികനാക്കിത്തീർക്കും. സാത്വികത്തിനു മീതെ, അതിനുമപ്പുറത്തായി, ഒരു പടിയുണ്ട്, അതാണ് അതീന്ദ്രിയത്വം(transcendence). അസംയമന( indulgence)മാണിത്. നാം അതീന്ദ്രിയത്വത്തെപ്പറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു-എങ്ങനെ ഇന്ദ്രിയാതീതരാവാം, എപ്രകാരം മൂന്നു ഗുണങ്ങൾക്കും അതീതരാവാം. ഭഗവാൻ തന്നിട്ടുള്ള കുറച്ച് ഉദാഹരണങ്ങൾ ഇതാ.

## മൂന്ന് ഗുണങ്ങളും ഓരോരുത്തരിലും പ്രകൃതിയിലും ഉണ്ട്

ചില ആളുകൾ പറയും, "സർ! എനിക്ക് നിറയെ സാത്വികഗുണമാണുള്ളത്." ഓ! അത് നിങ്ങൾക്കെങ്ങനെ സ്വയം പ്രഖ്യാപിക്കാനാവും? മറ്റു ചിലർ പറയും, "ഞാൻ താമസികനാണ്." എന്തുകൊണ്ടാണ് നിങ്ങൾ അങ്ങനെ പറയുന്നത്? ഓരോരുത്തർക്കും ഈ മൂന്ന് ഗുണങ്ങളുമുണ്ട് എന്നാണ് ബാബ പറഞ്ഞിട്ടുള്ളത്.



അത് വളരെ പ്രധാനമാണ്. എങ്ങനെ? ഫാനിന് മൂന്ന് ബ്ലേഡുകൾ ഉള്ളതുപോലെ,

ഓരോ മനുഷ്യനും ഈ മൂന്ന് ഗുണങ്ങൾ ഉണ്ട്. നിങ്ങളും വ്യത്യസ്തനല്ല. ചരൽ, മണൽ, സിമന്റ്-നിർമ്മാണത്തിന് മൂന്നും സഹായകമാണ്. മണൽ മാത്രമേ ഉള്ളൂ എങ്കിൽ, നമുക്കറിയാം പിറ്റേന്നത്തെ ന്യൂസ്പേപ്പറിൽ നമുക്ക് പാലം തകർന്ന വാർത്ത കാണാം! അതുകൊണ്ട്, ഈ മൂന്ന് ഗുണങ്ങളും ആവശ്യമാണ്, ഇവ ഓരോ രുത്തരിലും ഉണ്ട്. ബാബ പറഞ്ഞ ആദ്യത്തെ പോയന്റ് ഇതാണ്.

അവിടുത്തെ രണ്ടാമത്തെ പോയിന്റ് എന്നത്, പ്രകൃതിയിൽ നിങ്ങൾക്ക് ഈ ഗുണങ്ങ ളെല്ലാം കാണാം. ഉദാഹരണമായി, പുലരിയിലെ സൂര്യോദയവും വൈകുന്നേരത്തെ സൂര്യാസ്തമയവും കാണുക. സുന്ദരമായ സൂര്യോദയം കാണുന്നതിനായി ആളുകൾ കന്യാകുമാരിയിലേക്ക് പോകുന്നു. ഭഗവാൻ തന്നിട്ടുള്ള ഉദാഹരണമാണിത്. സൂര്യോദയം കാണുമ്പോൾ ആദ്യം നിങ്ങൾക്ക് ചുറ്റിനും എല്ലായിടവും ഇരുട്ടാണ് കാണാനാവുക. ഇത് താമസികഗുണമാണ്. അടുത്തതായി നിങ്ങൾ കാണുക പുലരിയുടെ ചെമപ്പു നിറമാണ്, ഇത് രാജസിക ഗുണമാണ്. സൂര്യൻ ചക്രവാളത്തിൽ ഉദിച്ചുയരുമ്പോൾ, മധ്യത്തിലായി നിങ്ങൾ തിളങ്ങുന്ന ശുഭ്രവർണ്ണമാണ് കാണുക, ഇത് സാത്വിക ഗുണത്തെ പ്രതിനിധീകരിക്കുന്നു.



അതുകൊണ്ട്, സൂര്യോദയത്തിന് മൂന്ന് വർണ്ണങ്ങളുണ്ട്-കറുപ്പ്, ചെമപ്പ്, വെള്ള-ഒരൊറ്റ പ്രതിഭാസത്തിൽത്തന്നെ! എന്നിട്ട് ഭഗവാൻ നമ്മുടെ കണ്മിഴിയുടെ ഉദാഹരണമാണ് രണ്ടാമത്തേതായി തന്നത്. നിങ്ങളുടെ കണ്ണുകളിലേക്ക് നോക്കുക. അവിടെയും വെള്ള നിറമുണ്ട്, ചെമപ്പു നിറമുണ്ട്, കറുപ്പു നിറമുണ്ട്. കണ്ണുകളിലുള്ള മൂന്ന് ഗുണങ്ങളെപ്പറ്റിയാണ് ഇതും സംസാരിക്കുന്നത്.



നമ്മിൽ മൂന്ന് ഗുണങ്ങളുമുണ്ട്. അപ്പോൾ നമ്മളെന്തു ചെയ്യും? ഏതാണോ അധികമായി ഉള്ളത് അത് നിങ്ങളുടെ വ്യക്തിത്വം നിശ്ചയിക്കും. സാത്വികഗുണമാണ് മറ്റു രണ്ട് ഗുണങ്ങളേക്കാൾ പ്രബലമായി ഉള്ളത് എങ്കിൽ, നിങ്ങളൊരു സാത്വികമനുഷ്യനാണ്. രാജസികഗുണമാണ് മറ്റു രണ്ട് ഗുണങ്ങളേക്കാൾ അധികമായി ഉള്ളത് എങ്കിൽ, നിങ്ങളൊരു രാജസിക മനുഷ്യനാണ്. അപ്പോൾ, താമസികഗുണം മറ്റു രണ്ട് ഗുണങ്ങളെ ഭരിക്കുമ്പോൾ മാത്രമാണ് നിങ്ങളൊരു താമസിക മനുഷ്യനാ

വുന്നത്. നിങ്ങളിൽ ആനുപാതികമായി ഏതാണോ അധികമായി ഉള്ളത്, അത് നിങ്ങളുടെ വ്യക്തിത്വം നിശ്ചയിക്കുന്നു.

എന്നാൽ മാറ്റത്തിനുള്ള വ്യക്തിപരമായ ഉദ്യമം വഴി അതുപോലും പരിവർത്തനം



ചെയ്യപ്പെടാം, പരിഷ്കരിക്കപ്പെടാം. ഈ ശ്രമത്തെയാണ് സാധന എന്നു വിളിക്കുന്നത്. സാധന കൊണ്ട് അർത്ഥമാക്കുന്നത് ശാരീരികമായ ക്ലേശം അല്ലെങ്കിൽ നടു നിവർത്തി ഇരിക്കുക എന്നല്ല. ഏതു പോത്തിനും അതൊക്കെ ചെയ്യാം! സാധനയ്ക്ക് പരിവർത്തനവും മാറ്റവും കൊണ്ടുവരാനാവുന്നില്ല എങ്കിൽ, ആ ചെയ്ത സാധനാകർമം കേവലം ശാരീരിക വ്യായാമം മാത്രം.

അതുകൊണ്ട്, ആദ്ധ്യാത്മിക സാധന അഥവാ പരിശീലനത്തിന്റെ ഫലമെന്നത് പരിവർത്തനമാണ്. ഒരു കാര്യത്തെ മറ്റൊന്നായി പരിവർത്തനം ചെയ്യാം. താമസികം പ്രവൃത്തിയിലൂടെ അഥവാ കർമ്മത്തിലൂടെ രാജസികമാവുന്നു. രാജസികം ഭക്തിയിലൂടെ സാത്വികമാവുന്നു. അവസാനം ഒരു സാത്വികമനുഷ്യന് ജ്ഞാനത്തിലൂടെ അഥവാ അവബോധത്തിലൂടെ ഈ മൂന്ന് ഗുണങ്ങളെയും അതിക്രമിക്കാം!




നിങ്ങൾ ഈ മൂന്ന് ഗുണങ്ങൾക്കും അപ്പുറം പോകണം. എന്തുകൊണ്ട്? ഞാൻ സാത്വികനായിരുന്നാൽ പോരേ? അല്ല, നിങ്ങൾ ഈ മൂന്ന് ഗുണങ്ങൾക്കും അപ്പുറം പോകണം. എന്തിന്? സ്വാമി ഏതാനും ഉദാഹരണങ്ങൾ തന്നിട്ടുണ്ട്. നിങ്ങളെ ഒരു ഇരുമ്പു ചങ്ങലയിൽ ബന്ധിച്ചിരിക്കുകയാണ്, അത് താമസികഗുണമാണ്. ഒരു വെള്ളിച്ചങ്ങല രാജസികഗുണമാണ്. ഒരു സ്വർണ്ണച്ചങ്ങല സാത്വികഗുണമാണ്. ഗുണത്തിലും ലോഹത്തിലും മാത്രമേ വ്യത്യാസമുള്ളൂ, പക്ഷേ ചങ്ങല ചങ്ങല തന്നെ.



അപ്പോൾ, ചങ്ങലയിൽനിന്ന് എങ്ങനെയും പുറത്തുകടക്കേണ്ടതുണ്ട്, അത് ഇരുമ്പായാലും വെള്ളിയായാലും സ്വർണ്ണമായാലും. ഭഗവാൻ പറഞ്ഞിരിക്കുന്നത് ഈ മൂന്ന് ഗുണങ്ങളും ഒരു തരം ബന്ധനമാണെന്നാണ്. നിങ്ങൾ

ഒരു വട്ടം ഇവയെ സംക്രമിച്ചാൽ, നിങ്ങൾ മോചിതരാണ്. അത് സ്വർഗവും നിർവാണവും മോക്ഷവുമാകുന്നു.

പ്രഫസർ അനിൽകുമാറിന്റെ കൂടുതൽ ദിവ്യ വെളിപ്പെടുത്തലുകൾ അടുത്ത ലക്കത്തിൽ ഉണ്ടാവും.




നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിരാം!



(തുടരും)

**പ്രഫ. അനിൽകുമാർ കാമരാജു –** (***Sai-Vedam*** പേജ് 199–204, 206–212)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)